പതിമൂന്നാം കേരള നിയമസഭ

ആറാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 58 | 10.12.2012ൽ മറുപടിയ്ക്ക്

**സർക്കാർ ഉത്തരവുകൾ -സർക്കുലറുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഹംസ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) പ്രധാനപ്പെട്ട സർക്കാർ ഉത്തരവുകൾ-സർക്കുലറുകൾ എന്നിവ എല്ലാ എം.എൽ.എ മാർക്കും ഇ-മെയിൽ സംവിധാനം വഴി എത്തിച്ചുകൊടുക്കുവാൻ നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു പാലിക്കപ്പെടുന്നു എന്നുറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വിശദീകരിക്കാമോ; | (എ) ഇല്ല. |
| (ബി) സർക്കാർ ഉത്തരവുകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും എന്ന ഉത്തരവ് നടപ്പിലാവാതിരിക്കുന്നത് ശ്രദ്ധയിലുണ്ടോ;ഉണ്ടെങ്കിൽ അത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

| | | | |
|---|---|---|---|
| (സി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഭൂരിഭാഗം വകുപ്പുകളിലേയും സെക്ഷനുകളിലേയും ഫയലുകൾ ഐഡിയാസിൽ രേഖപ്പെടുത്തുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;ഉണ്ടെങ്കിൽ ഐഡിയാസിൽ എല്ലാ ഫയലുകളും രേഖപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്കുമെന്റേഷൻ ഫയലിംഗ് സിസ്റ്റം നിലവിലുള്ള ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ, ഭക്ഷ്യ-പൊതു വിതരണവും വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും ഐഡിയാസ് സംവിധാനം നിലവിലുണ്ട്. ഐഡിയാസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് കർശന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ